## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2545** **06.02.2018**-ൽ മറുപടിയ്ക്ക്

### പട്ടിക ജാതി- പട്ടിക വർഗ്ഗ വകുപ്പിന്റെ കീഴിലുള്ള ഓച്ചിറയിലെ ഐ.ടി.ഐ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | ഓച്ചിറയിലെ, പട്ടിക ജാതി പട്ടിക വർഗ്ഗ വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.യിൽ ഏതെല്ലാം കോഴ്സുകൾ നിലവിലുണ്ടെന്ന് വിശദീകരിക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓച്ചിറ ഗവ.ഐ.റ്റി.ഐ.യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ ട്രേഡുകളിൽ നിലവിൽ പരിശീലനം നൽകുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഓച്ചിറയിൽ ഐ.റ്റി.ഐ. പ്രവർത്തിച്ചുവരുന്നില്ല. |
| (ബി) | ഇവിടെ ആരംഭിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള ഇലക്ട്രീഷ്യൻ, പ്ലംബർ എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ തസ്തികകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകൾ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (ബി) | ഓച്ചിറ ഐ.റ്റി.ഐ.യിൽ പ്ലംബർ ട്രേഡ് ഇപ്പോൾ നിലവിലുണ്ട്. മറ്റ് ട്രേഡുകൾ അനുവദിച്ചതിനു ശേഷം മാത്രമേ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കാനാകൂ. |
| (സി) | ഇതിനെ മോഡൽ റസിഡൻഷ്യൽ ഐ.ടി.ഐ. ആയി ഉയർത്തി ഹോസ്റ്റൽ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ഓച്ചിറ ഐ.റ്റി.ഐ പട്ടികജാതി വികസന വകുപ്പിനു കീഴിൽ വരുന്ന 7 മോഡൽ റസിഡൻഷ്യൽ ഐ.റ്റി.ഐ.കളിൽ ഒന്നാണ്. ഹോസ്റ്റൽ പ്രവർത്തിപ്പിക്കാനുള്ള നടപടികൾ പൂർത്തിയായിവരികയാണ്. |

സെക്ഷൻ ഓഫീസർ